(സി) ടൂറിസം പദ്ധതികൾ ബന്ധപ്പെട്ട ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിലുകൾ സമർപ്പിക്കുന്ന ക്രമത്തിൽ വിഭവലഭ്യതയനുസരിച്ച് പരിഗണിക്കുന്നതാണ്.

സർക്കാരിനുവേണ്ടി ഹാജരായ സർക്കാർ അഭിഭാഷകരല്ലാത്തവർ

122 (780)ശ്രീ. ടി.എം. ജേക്കബ് :

ശ്രീമതി കെ.ആർ. ഗൗരിയമ്മ :

ശ്രീ. ജോണി നെല്ലൂർ താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദസഞ്ചാര-നിയമവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഹൈക്കോടതിയിലും സുപ്രീംകോടതിയിലും സർക്കാരിനുവേണ്ടി സർക്കാരഭിഭാഷകരല്ലാതെ ഹാജരായി കേസ്സുകൾ നടത്തിയ അഭിഭാഷകർ ആരെല്ലാം;

(ബി) ഇവർക്ക് ഓരോരുത്തർക്കും ഫീസിനത്തിൽ നൽകിയ തുക യെത്ര;

(സി) ഹൈക്കോടതിയിൽ കേസ്സ് വാദിക്കുന്നതിനുവേണ്ടി ഇപ്രകാരം വന്ന ഓരോ അഭിഭാഷകർക്കും യാത്രാബത്തയിനത്തിലും താമസസൗകര്യം നൽകിയ ഇനത്തിലും എന്തു തുക വീതം ചെലവഴിച്ചിട്ടുണ്ട്;

(ഡി) സുപ്രീംകോടതിയിലും ഹൈക്കോടതിയിലും ഇവർ ഹാജരായ കേസ്സുകൾ ഏതെല്ലാം;

(ഇ) ഇതിൽ എത്ര കേസ്സുകളിൽ സർക്കാർ വിജയിച്ചു; എത്ര കേസ്സുകളിൽ പരാജയപ്പെട്ടു; വിശദവിവരം വെളിപ്പെടുത്തുമോ?

ഉത്തരം

(എ)-(ഇ) വിവരം ശേഖരിച്ചുവരുന്നു.

മരുന്നും മറ്റ് ആവശ്യ വസ്തുക്കളും വാങ്ങുന്നതിനുള്ള നടപടിക്രമങ്ങൾ

123 (781)ശ്രീ. മോൻസ് ജോസഫ് :

ശ്രീ. ആന്റണി രാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മെഡിക്കൽ കോളേജുകൾ ഉൾപ്പെടെയുള്ള ഗവൺമെന്റ് ആശുപത്രികളിൽ മരുന്നും മറ്റ് അവശ്യവസ്തുക്കളും വാങ്ങുന്നതിനുള്ള നടപടിക്രമങ്ങൾ എന്തൊക്കെയാണ്;

(ബി) മരുന്നുകൾക്കും പ്ലാസ്റ്റർ റോൾ ഉൾപ്പെടെയുള്ള അവശ്യവസ്തുക്കൾക്കും ക്ഷാമമനുഭവപ്പെടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

(സി) ഇവ പുറത്തുനിന്നു വാങ്ങേണ്ടിവരുന്നതുമൂലം പാവപ്പെട്ട രോഗികൾ നേരിടുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ ഇതു പരിഹരിക്കുവാൻ എന്തു നടപടി സ്വീകരിച്ചു;

(ഇ) സി.പി.സി. വഴി ഓർഡർ നൽകിയതിനുശേഷവും കമ്പനികൾ മരുന്നു സപ്ലൈ ചെയ്യാതിരിക്കുന്നതു ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? എങ്കിൽ ഇതു പരിഹരിക്കുന്നതിന് എന്തു നടപടി സ്വീകരിച്ചു;

LIBRARY ARCHIVES Kerala Legislative Assembly